●

അനുസ്മരണം

## കെ.വി കുഞ്ഞിമുഹമ്മദ് വയനാട്



**നിറഞ്ഞ** പുഞ്ചിരിയോടെ പ്രസ്ഥാന പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു ജൂൺ 17-നു മരണപ്പെട്ട കെ.വി കുഞ്ഞുമുഹമ്മദ്(45). വയനാട് ജില്ലയിലെ മുട്ടിൽ സ്വദേശിയായ അദ്ദേഹം, മേപ്പാടി ഹിറാ മസ്ജിദിൽ ഖുത്വ്ബ നിർവഹിക്കാൻ വേണ്ടി വ്യാഴാഴ്ച ഫറോക്ക് ഇർശാദിയാ കോളേജിൽനിന്ന് യാത്രതിരിച്ച് വഴിമധ്യേ മരണപ്പെടുകയായിരുന്നു. ഇസ്‌ലാമിക മാർഗത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കെ അല്ലാഹുവിലേക്ക് യാത്രയാകണമെന്ന് പ്രവർത്തകരെ ഉൽബോധിപ്പിക്കാറുണ്ടായിരുന്ന കെ.വിക്ക് അതിനുള്ള ഭാഗ്യം അല്ലാഹു നൽകുകയായിരുന്നു.

തലശ്ശേരി ദാറുസലാമിലെ പഠനത്തിനുശേഷം ബ്രണ്ണൻ കോളേജിൽ വിദ്യാഭ്യാസം തുടർന്ന കെ.വി കുഞ്ഞുമുഹമ്മദ്, ദീനീവിജ്ഞാനം നേടണമെന്ന ആഗ്രഹത്തോടെയാണ് ബ്രണ്ണനിലെ പഠനം അവസാനിപ്പിച്ച് പെരിന്തൽമണ്ണ പട്ടിക്കാട് ജാമിഅ നൂരിയ്യയിൽ ചേരാൻ പോയത്. ജാമിഅ നൂരിയ്യയിൽ പ്രവേശനത്തിന് ശ്രമിക്കവെ, അടുത്തുതന്നെ നല്ലൊരു ദീനീ സ്ഥാപനമുണ്ട് - ശാന്തപുരം ഇസ്‌ലാമിയാ കോളേജ് എന്ന് ആരോ പറഞ്ഞു. ജാമിഅ നൂരിയ്യയിൽ ചേരാതെ ഇസ്‌ലാമിയാ കോളേജിൽ പ്രവേശനം നേടി കെ.വി. വിവരമറിഞ്ഞ വീട്ടുകാർ അതിനെ എതിർക്കുകയും കോളേജിലെത്തി കെ.വിയെ വീട്ടിലേക്ക് കൊണ്ടുപോവുകയും ചെയ്തു. വീട്ടുകാരെ വെട്ടിച്ച് വഴിയിൽവെച്ച് രക്ഷപ്പെട്ട കെ.വി ശാന്തപുരത്ത് തിരിച്ചെത്തി. കോഴ്സ് പൂർത്തിയാക്കിയ ശേഷം കോഴിക്കോട് ദഅ്‌വാ കോളേജിൽ ഉപരിപഠനം നടത്തി.

പ്രസ്ഥാന പ്രവർത്തന രംഗത്ത് സജീവമായിരുന്ന കെ.വി നല്ല പ്രസംഗകനായിരുന്നു. എസ്.ഐ.ഒ കേരള ശൂറാംഗം, സംസ്ഥാന അസി. സെക്രട്ടറി, വയനാട് ജില്ലാ പ്രസിഡന്റ്, ജ.ഇ വയനാട് ജില്ലാ സമിതിയംഗം, പിണങ്ങോട് ഇസ്‌ലാമിയാ കോളേജ് പ്രിൻസിപ്പൽ, ബത്തേരി ഐഡിയൽ ഇംഗ്ലീഷ് സ്കൂൾ പ്രിൻസിപ്പൽ, ബാംഗ്ലൂരിൽ ജ.ഇ ഫീൽഡ് ഓർഗനൈസർ എന്നീ ചുമതലകൾ വഹിച്ചിരുന്നു. കൽപറ്റ, പടിഞ്ഞാറത്തറ, രാമനാട്ടുകര, ഒലിപ്പുഴ, ബത്തേരി പള്ളികളിൽ ഖത്വീബായിരുന്നു. 'സിജി'യുടെ രൂപവത്കരണ വേളയിൽ വയനാട് ജില്ലയിൽ നിന്നുള്ള രണ്ട് പ്രതിനിധികളിൽ ഒരാൾ കെ.വിയായിരുന്നു.

മർഹൂം വി.പി ഇസ്മാഈൽ ഹാജിയോടൊപ്പം വയനാട് ജില്ലയിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിൽ കെ.വി സജീവമായിരുന്നു. ഹൃദ്രോഗബാധിതനായതോടെയാണ് ഫീൽഡിൽ കൂടുതൽ സമയം വിനിയോഗിക്കാൻ അദ്ദേഹത്തിന് കഴിയാതെ വന്നത്. ഓപറേഷന് വിജയ സാധ്യതയില്ലെന്ന് ഡോക്ടർമാർ വിധിയെഴുതിയ ശേഷം രോഗ പീഢയാൽ പ്രയാസപ്പെട്ട കെ.വി അൽപം ആശ്വാസം തോന്നിയപ്പോഴാണ് ഫറോക്ക് ഇർശാദിയായിൽ അധ്യാപകനായി വീണ്ടുമെത്തിയത്.

പിതാവ് കെ.വി അലവി തലപ്പുഴ. ഭാര്യ റംല പിണങ്ങോട്, മുട്ടിൽ ഡബ്ലിയു.എം.ഒ ഹൈസ്കൂൾ അധ്യാപികയും ജി.ഐ.ഒ മുൻ ജില്ലാ പ്രസിഡന്റുമാണ്. മക്കൾ: ബാസിൽ സൽമാൻ (പ്ലസ് വൺ വിദ്യാർഥി, അൽ അമീൻ ഇൻസ്റ്റിറ്റ്യൂഷൻ ബാംഗ്ലൂർ), സനാ ഹനാൻ (12), അംറ റയ്യാൻ(8).

അകാലത്തിൽ വേർപിരിഞ്ഞ പ്രിയ സഹോദരനെയും നമ്മെയും അല്ലാഹു സ്വർഗത്തിൽ ഒരുമിപ്പിക്കുമാറാകട്ടെ - ആമീൻ

**പി.സി ഫൈസൽ സുൽത്താൻ ബത്തേരി**

## പി.കെ മമ്മദ്(ക്ലർക്ക്), ഖദീജ ടീച്ചർ





**അരീക്കോട്** നിവാസികൾക്കിടയിലും പ്രസ്ഥാന വൃത്തങ്ങളിലും 'ക്ലർക്ക്' എന്നറിയപ്പെടുന്ന പി.കെ മമ്മദ് സാഹിബും ഭാര്യ ഖദീജ ടീച്ചറും അടുത്ത കാലങ്ങളിലായി നമ്മെ വിട്ടുപിരിഞ്ഞു.

കുറേ കാലം ഹൽഖാ നാസിമായിരുന്ന മമ്മദ് സാഹിബ് അസുഖം ബാധിച്ച് കിടപ്പിലായിരുന്നു. ജമാഅത്തെ ഇസ്‌ലാമി അംഗമായിരുന്നു. അരീക്കോട് മസ്ജിദുൽ ഹുദയുടെ നിർമാണത്തിലും പരിപാലനത്തിലും മുഖ്യപങ്കാണ് വഹിച്ചത്. സുല്ലമുസ്സലാം ഓറിയന്റൽ ഹൈസ്കൂളിൽ

ക്ലർക്കായിരുന്ന അദ്ദേഹം ഉൽപതിഷ്ണു വിഭാഗങ്ങൾക്കിടയിൽനിന്ന് ധാരാളം വിമർശനങ്ങളും പരിഹാസങ്ങളും ഏറ്റുവാങ്ങിക്കൊണ്ടാണ് പ്രസ്ഥാന പ്രവർത്തനം നടത്തിയത്. *പ്രബോധന*ത്തിന്റെ പഴയകാല ഏജന്റുമാരിൽ ഒരാളാണ്. അടുത്ത കാലത്ത് വാർധക്യ സഹജമായ അസുഖങ്ങൾ വരുന്നതുവരെ കാൽനടയായാണ് *പ്രബോധനം* വിതരണം ചെയ്തിരുന്നത്. അരീക്കോടും പരിസരപ്രദേശങ്ങളിലും നിരവധിയാളുകൾക്ക് ആശ്വാസമായി മാറിയ ദാറുൽ അമാനത്ത് പലിശരഹിത നിധിയുടെ നടത്തിപ്പിൽ ശ്രദ്ധേയമായ പങ്കാണ് അദ്ദേഹം വഹിച്ചത്.

മൊറയൂരിൽ ജനിച്ച മമ്മദ് സാഹിബ് റൗദതുൽ ഉലൂം അറബികോളേജ്, ഫാറൂഖ് കോളേജ് എന്നിവിടങ്ങളിലും ക്ലർക്കായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1984ൽ വോളണ്ടിയറി റിട്ടയർമെന്റിന് ശേഷം അരീക്കോട് ഗൈഡൻസ് പാരലൽ കോളേജ് സ്ഥാപിച്ചു. സുല്ലമുസ്സലാം അടക്കമുള്ള സ്ഥാപനങ്ങളിൽ പ്രസ്ഥാനത്തിന്റെ ശബ്ദമെത്തിക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചു. പ്രദേശത്തെ മതരാഷ്ട്രീയ സാംസ്കാരിക നേതാക്കളുമായി നിരന്തരബന്ധം നിലനിർത്തിയിരുന്നു. കുടുംബത്തെ പ്രസ്ഥാനത്തോടൊപ്പം നിർത്തുന്നതിലും അദ്ദേഹം വിജയിച്ചു. ഓറിയന്റൽ ഹൈസ്കൂളിലെ തന്നെ അധ്യാപികയായിരുന്നു ഭാര്യ ഖദീജ ടീച്ചർ. അവർ കാർകുൻ ആയിരുന്നു. അവർ മുൻകൈയെടുത്ത് സ്ഥാപിച്ച അരീക്കോട് വിമൻസ് വെൽഫയർ അസോസിയേഷൻ സ്ത്രീകളുടെ പുരോഗതിക്കായി പല പ്രവർത്തനങ്ങളും നടത്തുകയുണ്ടായി. അരീക്കോട് വനിതാ ഹൽഖയുടെ നാസിമത്തായിരുന്നു.

മക്കൾ: അബ്ദുന്നാസിർ (ഇംഗ്ലീഷ് ഡിപാർട്മെന്റ്, ഫാറൂഖ് കോളേജ്), അബ്ദുൽ ജലീൽ (മുൻ മാത്സ് ഡിപാർട്ട്മെന്റ് അധ്യാപകൻ, ഫാറൂഖ് കോളേജ്), അബ്ദുൽമുനീർ (ഫാർമസിസ്റ്റ്), സാജിദ് (ഗവ. ഹൈസ്കൂൾ, എടവണ്ണ), നജ്മ (ഗവ. ഹയർസെക്കന്ററി സ്കൂൾ, വാഴക്കാട്), ഡോ. ലുഖ്മാൻ ഫാറൂഖ് (വണ്ടൂർ), മിന്നത്ത് (ഓറിയന്റൽ ഹൈസ്കൂൾ, അരീക്കോട്).

*അല്ലാഹു ഇരുവരെയും നമ്മെയും ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ചുകൂട്ടുമാറാകട്ടെ.*

**റഫീഖ് മേച്ചേരി**